പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1506

03.05.2017 - ൽ മറുപടിയ്ക്ക്

## കെ.കെ. മാത്യുവിന്റെ മരണവുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്യാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.തോമസ് | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ വഴിക്കടവ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മാമങ്ങര പ്രദേശത്ത് കൊയിക്കര കെ.കെ.മാത്യു എന്നയാൾ 2016 ഫെബ്രുവരി മാസത്തിൽ മരണപ്പെട്ടത് സംബന്ധിച്ച കേസിന്റെ വിശദാംശം നൽകുമോ; | (എ) 19.02.2016 തീയതി വൈകുന്നേരം 6 മണിക്കും, 20.02.2016 തീയതി ഉച്ചയ്ക്ക് ശേഷം 2.45 മണിക്കും പൗലോസ് എന്നയാളുടെ കൃഷി സ്ഥലത്തു വച്ച് ടി കൃഷി സ്ഥലത്തേക്ക് പോകുന്നവർ മരണപ്പെടാൻ ഇടയുണ്ടെന്ന അറിവോടുകൂടി മനഃപൂർവ്വം ആരോ വൈദ്യുതി പ്രവഹിപ്പിച്ചതിൽ വച്ച് കൃഷി സ്ഥലത്തേക്ക് വെള്ളം അടിക്കാൻ പോയ പൗലോസിന്റെ അനുജൻ മാത്യു, S/o. കുര്യാക്കോസ് എന്നയാൾ ഇലക്ട്രിക് ഷോക്കേറ്റ് മരണപ്പെട്ടു എന്നും ഇത് സംബന്ധിച്ച് ടി പൗലോസ് നൽകിയ പരാതി അനുസരിച്ച് വഴിക്കടവ് പോലീസ് സ്റ്റേഷൻ ക്രൈം 73/16 u/s 304 IPC, 135(1)(a), 150 of Electricity Act പ്രകാരം കേസ്സെടുത്ത് അന്വേഷണം നടത്തിവരുന്നു. |
| (ബി) പ്രസ്തുത കേസിൽ ആരെയെല്ലാമാണ് പ്രതി ചേർത്തിട്ടുള്ളതെന്നും കേസന്വേഷണത്തിന് നേതൃത്വം നൽകുന്നത് ആരെല്ലാമാണെന്നും അന്വേഷണം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ; | (ബി) ആരെയും പ്രതി ചേർത്തിട്ടില്ല. മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലാ ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി വരുന്നുണ്ട്. കേസ് ഇപ്പോഴും അന്വേഷണാവസ്ഥയിലാണ്. |

....2

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ അറസ്റ്റു ചെയ്യാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | അറസ്റ്റ് ചെയ്തിട്ടില്ല. അറസ്റ്റ് ചെയ്യുന്നതിന് മതിയായ തെളിവുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. |
| (ഡി) | പ്രസ്തുത കേസിനെ സംബന്ധിച്ച പോലീസിന്റെ മറ്റ് നിഗമനങ്ങൾ എന്തെല്ലാമെന്ന വിശദമാക്കാമോ; | (ഡി) | ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ് അന്വേഷണാവസ്ഥയിലാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കൂടുതൽ വിവരങ്ങൾ വെളിവാകുകയുള്ളൂ. |
| (ഇ) | പ്രസ്തുത കേസിലെ പ്രതികളെ അടിയന്തരമായി അറസ്റ്റു ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) | അറസ്റ്റ് ചെയ്യുന്നതിന് മതിയായ തെളിവുകൾ ഒന്നും തന്നെ നാളിതുവരെയുള്ള അന്വേഷണത്തിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ